**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333** **01-07-2024 - ൽ മറുപടിയ്ക്ക്**

**പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. സണ്ണി ജോസഫ്, ശ്രീമതി ഉമ തോമസ്, ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പരുത്തിയുടെ വില ഉയരുന്നതിനു ആനുപാതികമായി നൂലിന്റെ വില ആഭ്യന്തര വിപണിയിൽ ഉയരുന്നില്ല. കൈത്തറി ഉൽപന്നങ്ങൾ നിർമ്മിക്കുമ്പോൾ ഉല്പാദന ചെലവ് കൂടുന്ന സാഹചര്യമാണ് ഉള്ളത്. ഇതുമൂലം കൈത്തറി ഉൽപന്നങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ഉൽപന്നങ്ങൾ കമ്പോളത്തിൽ വിൽക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇത് കൈത്തറി ഉൽപന്നങ്ങളുടെ വിപണനം, തൊഴിലാളികളുടെ വേതനം, തൊഴിൽ ലഭ്യത എന്നിവയെയും സാരമായി ബാധിക്കുന്നു.<br><br>പരുത്തി (കോട്ടൺ) പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന, പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തെ പരുത്തി യുടെ വിലക്കയറ്റം സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ഉത്തരേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട കമ്പനികൾ വൻതോതിൽ പരുത്തി വാങ്ങി സംഭരിക്കുന്നത് പരുത്തിയുടെ വിലവർദ്ധനവിന് കാരണമാകുന്നു എന്നത് വസ്തുതയാണോ; | (ബി) | ഇക്കാര്യം പരിശോധിച്ചിട്ടില്ല. എന്നാൽ, മുൻകാലങ്ങളിൽ സീസൺ സമയത്ത് പരുത്തിയുടെ വിലയിൽ ഗണ്യമായ കുറവ് വന്നിരുന്നുവെങ്കിലും നിലവിൽ പരുത്തിയ്ക്ക് വിളവെടുപ്പ് സമയങ്ങളിൽ പോലും ഉയർന്ന വിലയാണുള്ളതെന്ന് കാണുന്നു. |
| (സി) | എങ്കിൽ ഇത് തടയാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര സർക്കാർ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI) യാണ് പരുത്തിയുടെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) നിശ്ചയിക്കുന്നത്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ പരുത്തിയുടെ |

| | | | |
|---|---|---|---|
| | | | വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർദ്ധനവ് നിയന്ത്രിക്കാനാവും.<br><br>പരുത്തിയുടെ ഉയർന്ന വില ക്രമീകരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പരുത്തി വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും 70 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷനി(എൻ.സി.ഡി.സി)ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ